രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയം
വഞ്ചിയൂർ, തിരുവനന്തപുരം,
regig@kerala.nic.in
www.keralaregistration.gov.in
ഫോൺ : 0471-2472118/2472110/2474782
ഫാക്സ് : 0471-2462608
തീയതി : 02/02/2021

# സർക്കുലർ

വിഷയം:- ആധാര രജിസ്ട്രേഷൻ -ഒരു ലക്ഷത്തിന് താഴെ മുദ്രവിലയുള്ള- ആധാരങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലാക്കുന്നത് - മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന:- 1)ജി.ഒ(പി)23/2017/TD നമ്പർ സർക്കാർ ഉത്തരവ് (07/04/2017 തീതിയിലെ 690-ാം നമ്പർ കേരള ഗസറ്റിൽ SRO 182/2017 നമ്പരായി പ്രസിദ്ധീകരിച്ചത്)

2) ജി.ഒ.ആർ.റ്റി.നമ്പർ 66/2021/Taxes തീയതി 29.01.2021

3) 05/05/2017 തീയതിയിലെ ഐ.റ്റി 4/1345/2013 നമ്പർ സർക്കുലർ

സൂചന (1) പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ആവശ്യമായി വരുന്ന ആധാരങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനം ഏർപ്പെടുത്തിയും ഒരു ലക്ഷം രൂപയ്ക്ക് താഴെ മുദ്രവില വരുന്ന ആധാരങ്ങൾക്ക് സർക്കാർ നിശ്ചയിക്കുന്ന തീയതി മുതൽ ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കേണ്ടതാണെന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സൂചന (2) പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് താഴെ മുദ്രവില ആവശ്യമായി വരുന്ന ആധാരങ്ങൾക്ക് 01/02/2021 തീയതി മുതൽ ഇ-സ്റ്റാമ്പിംഗ് സംവിധാനം ഏർപ്പെടുത്തി ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ഇതിന്റെ ആദ്യഘട്ട പരീക്ഷണ പരിപാടി തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം സബ് രജിസ്ട്രാർ ഓഫീസിലും കൊല്ലം ജില്ലയിലെ കൊട്ടാരക്കര പ്രിൻസിപ്പൾ സബ് രജിസ്ട്രാർ ഓഫീസിലും നടപ്പിലാക്കുകയുണ്ടായി. പ്രസ്തുത സംവിധാനവുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഒരു ലക്ഷം രൂപയ്ക്ക് താഴെ മുദ്രവില വരുന്ന ആധാരങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് സൗകര്യം പരീക്ഷണാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഓഫീസുകളിൽ ലഭ്യമാണ്. ഇതിനായി നിലവിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന

ആധാരങ്ങൾക്കുള്ള നടപടിക്രമങ്ങളാണ് സ്വീകരിക്കേണ്ടത്.

2. ഒരു ലക്ഷം രൂപയ്ക്ക് താഴെ മുദ്രവില വരുന്ന ആധാരങ്ങൾക്ക് ഇ -സ്റ്റാമ്പിംഗ് സംവിധാനം 01/02/2021 തീയതി മുതൽ പ്രാബല്ല്യം നല്കി ഉത്തരവായിട്ടുള്ളതിനാൽ പ്രസ്തുത സൗകര്യം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരീക്ഷണ പരിപാടി നടക്കുന്ന കാലയളവിൽ ആധാര രജിസ്ട്രേഷനായി അച്ചടിച്ച മുദ്രപ്പത്രം ഉപയോഗിച്ചോ അല്ലെങ്കിൽ ഇ-സ്റ്റാമ്പിംഗ് മുഖേനയോ മുദ്രവില ഒടുക്കാവുന്നതാണ്.
3. പരീക്ഷണപരിപാടി നടത്തുന്ന ഓഫീസുകളിൽ ഇ -സ്റ്റാമ്പിംഗ് സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് പൊതുജനങ്ങൾക്കും ആധാരമെഴുത്തുകാർക്കും ആധാരം തയ്യാറാക്കാവുന്നതാണ്.
4. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ആവശ്യമായി വരുന്ന ആധാരങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തിയപ്പോൾ മേൽ സൂചന(3) പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഇതിനും ബാധകമാണ്.
5. ട്രഷറി പോർട്ടൽ പൂർണ്ണ പ്രവർത്തനസജ്ജമാകുന്നത് വരെ ആദ്യഘട്ടത്തിൽ സമ്പൂർണ്ണ ഇ -സ്റ്റാമ്പിംഗ്ആധാര രജിസ്ട്രേഷനായി മാത്രം പരിമിതപ്പെടുത്തുന്നതാണ്.
6. പരീക്ഷണപരിപാടി നടക്കുന്ന ഓഫീസുകളുടെ അധികാര പരിധിയിലുള്ള വെണ്ടർമാർക്ക് ആവശ്യമായ പരിശീലനം ട്രഷറി വകുപ്പ് നല്കുന്നതാണ്.
7. പരീക്ഷണപരിപാടി വിജയപ്രദമാകുന്ന മുറയ്ക്ക് സംസ്ഥാനമൊട്ടാകെയുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് വ്യാപിപ്പിക്കുന്നതാണ്.

Signature Not Verified
Digitally signed by INBASEKAR KALIMUTHU
Date: 2021.02.02 10:04:39 IST
Reason: Approved

**INBASEKAR K IAS**
**REGISTRATION INSPECTOR GENERAL**

പകർപ്പ്:-

1. *ഡെപ്യൂട്ടി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ- തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്.*
2. *എല്ലാ ജില്ലാ രജിസ്ട്രാർമാർക്കും*
3. *സബ് രജിസ്ട്രാർ- കഴക്കൂട്ടം, കൊട്ടാരക്കര പ്രിൻസിപ്പൾ (ജില്ലാ രജിസ്ട്രാർ മുഖേന)*